III. അംഗങ്ങൾക്ക് വിതരണം ചെയ്ത ബില്ലിന്റെ കോപ്പി വ്യക്തമല്ലാത്തതിനാൽ വായിക്കാൻ കഴിയുന്നില്ലെന്ന പരാതി

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, എനിക്ക് ഇന്നലത്തെ കവറിൽ കിട്ടിയ സൈക്ലോസ്റ്റൈൽ ചെയ്ത ബില്ലിന്റെ ഒരു കോപ്പിയാണ് എന്റെ കയ്യിലിരിക്കുന്നത്. ഒന്നാമത് വോൾട്ടേജില്ല. ഇത് വായിച്ച് മനസ്സിലാക്കാൻ കഴിയുന്നില്ല. ടോഡി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബില്ലാണെന്നാണ് തോന്നുന്നത്. ഇതിലെ പല അക്ഷരങ്ങളും തെളിഞ്ഞിട്ടില്ല. ഗവൺമെന്റ് പ്രസ്സ് പൂട്ടിപ്പോയോ? ഗവൺമെന്റ് പ്രസ്സിൽ കൊടുത്താൽ ഉടനെ പ്രിന്റ് ചെയ്തു കിട്ടും. ഇതൊന്ന് വായിച്ച് മനസ്സിലാക്കണ്ടേ? ഇതിന്റെ ആവശ്യകതയെക്കുറിച്ച് ഞാൻ പൂർണ്ണ ബോദ്ധ്യവാനാണ്. ഇത് ചർച്ച ചെയ്യണം. ഇതിലൊന്നും അഭിപ്രായ വ്യത്യാസമില്ല. ഇതൊന്നും ഇല്ലെങ്കിലും ചർച്ച ചെയ്യാം. എന്നാലും ഈ ഒരു മര്യാദ പാലിക്കണം. ഇതൊന്നും ഇല്ലാതെ തന്നെ ടോഡി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബില്ല് ചർച്ച ചെയ്തു പാസ്സാക്കി കൊടുക്കാം. ശ്രീ. ആര്യാടൻ മുഹമ്മദ് എഴുന്നേറ്റുനിന്ന് പറഞ്ഞാൽ മതി. അപ്പോൾ തന്നെ കൈ പൊക്കി പാസ്സാക്കിക്കൊടുക്കാം. ഇത് വായിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഗവൺമെന്റ് ചെയ്തിരിക്കുന്നതെങ്കിൽ ഇന്ന് പ്രസ്സിൽ കൊടുത്താൽ നാളെ പ്രിന്റ് ചെയ്ത് കിട്ടും. പ്രിന്റ് ചെയ്ത് തരേണ്ടതല്ലേ ?

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമുനപ്പെട്ട വർക്കല രാധാകൃഷ്ണന്റെ കൈവശമുള്ളത് ടോഡി വർക്കേഴ്സ് വെൽഫയൽ ഫണ്ട് (ഭേദഗതി) ബില്ലാണ്. ടോഡി വർക്കേഴ്സിന് പെൻഷൻ കൊടുക്കണമെന്ന് ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും അഭിപ്രായമുള്ളതാണ്. ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ പ്രതിപക്ഷം വളരെയധികം സഹകരിച്ച ഒരു കാര്യവുമാണ്. അതിന്റെ അടിയന്തിര പ്രാധാന്യം ഓർത്താണ് അത് ചെയ്തത്. അത് ക്ലിയറാകാത്ത കോപ്പിയാണെങ്കിൽ ക്ലീയറായ കോപ്പി തന്നെ തരാൻ തയ്യാറാണ്.

മി. സ്പീക്കർ : അവിടെ വിതരണം ചെയ്യപ്പെടുന്ന ബില്ലുകളുടെ കോപ്പി കൃത്യം വായിക്കത്തക്കവിധത്തിൽ ആക്കണമെന്ന് ഞാൻ നിർദ്ദേശം നൽകുകയാണ്. ഇക്കാര്യത്തിൽ അങ്ങേയ്ക്ക് തന്ന കോപ്പി മാറ്റി തരാൻ നിർദ്ദേശം കൊടുക്കാം.

.....(ബഹളം).....

പാമോലിൻ ഇറക്കുമതി സംബന്ധിച്ച പി. യു. സി. യുടെ അന്വേഷണ റിപ്പോർട്ട് (തുടർച്ച)

ശ്രീ. ബേബി ജോൺ : സർ, പ്രതിപക്ഷ നേതാവ് വളരെ ഗുരുതരമായ ഒരു കാര്യത്തെ സംബന്ധിച്ചാണ് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. പാമോയിൽ അഴിമതിയെക്കുറിച്ച് അന്വേഷണം നടത്തുന്ന പി. യു. സി. യുടെ റിപ്പോർട്ട് ഇതുവരെ വന്നിട്ടില്ല. ജുഡീഷ്യൽ അന്വേഷണം വേണമെന്നാണ് അന്ന് പ്രതിപക്ഷം പറഞ്ഞിരുന്നത്. ഒടുവിൽ പ്രത്യേകമായി പി. യു. സി. ഇത് അന്വേഷിക്കട്ടെയെന്ന് ചീഫ് മിനിസ്റ്റർ തന്നെ അന്നു പറഞ്ഞു. അതു കഴിഞ്ഞ് റിപ്പോർട്ടൊക്കെ ആയിട്ടുണ്ട്. ഇപ്പോൾ അതിൽ നിന്നും വളരെ ബോധപൂർവ്വം ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly